## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3119** **19.06.2018 ൽ മറുപടിയ്ക്ക്**

## ചെങ്ങന്നൂർ കാർഷിക മേഖല

| ചോദ്യം<br>ശ്രീ.സജി ചെറിയാൻ | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ചെങ്ങന്നൂർ മണ്ഡലത്തെ തരിശ് രഹിത മണ്ഡലമായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) ചെങ്ങന്നൂർ മണ്ഡലത്തെ തരിശുരഹിത മണ്ഡലമായി പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ ചെങ്ങന്നൂർ മണ്ഡലത്തെ തരിശുരഹിതമായി മാറ്റുന്നതിന് വേണ്ടിയുള്ള നടപടികളെ കുറിച്ച് ആലോചിക്കുന്നതിന് ബഹു: എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ ഈ മാസം 25-ാം തീയതി യോഗം വിളിച്ചിട്ടുണ്ട്. |
| ബി) ചെങ്ങന്നൂർ കാർഷിക മേഖലയിൽ കൃഷി-മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട് അനുവദിച്ചിട്ടുള്ളതും നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ പുരോഗതി വിശദമാക്കാമോ? | ബി) ചെങ്ങന്നൂർ കാർഷിക മേഖലയിൽ കൃഷി മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട് 4 കൃഷിഭവൻ പരിധിയിൽപ്പെട്ട 7 പാടശേഖരങ്ങളിലായി അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾക്ക് അനുമതി ലഭിച്ച് നടപ്പിലാക്കി വരുന്നു. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ചെന്നിത്തല കൃഷിഭവൻ പരിധിയിൽ തുപ്പെരുന്തുറ പാടം അഞ്ചാം ബ്ലോക്കിൽ 95 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ 90% പ്രവൃത്തി പൂർത്തീകരിച്ചു.<br>2. പള്ളിപ്പാട് കൃഷിഭവൻ പരിധിയിലെ വിവിധ പാടശേഖരങ്ങളിലായി 125.53 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ 95% പ്രവൃത്തി പൂർത്തീകരിച്ചു.<br>3. ചെന്നിത്തല കൃഷി ഭവൻ പരിധിയിലെ |

തൃപ്പെരുന്തുറ പാടം 1-15 ബ്ലോക്കിൽ 499 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രോജക്ടിന്റെ ടെണ്ടർ ചെയ്തിരിക്കുന്നു.

4. ചെന്നിത്തല കൃഷി ഭവൻ പരിധിയിലെ 7 ബ്ലോക്കിൽ 107 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രോജക്ടിന്റെ ടെണ്ടർ ചെയ്തിരിക്കുന്നു.
5. പുലിയൂർ കൃഷി ഭവൻ പരിധിയിലെ കരിപ്പുറം പാടത്തിൽ 110 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രോജക്ടിനു സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.
6. ചെറിയനാട്ടു കൃഷി ഭവൻ പരിധിയിലെ തെരഞ്ഞെടുത്ത പാടശേഖരങ്ങളിലെ 264 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകൾക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.
7. പുലിയൂർ കൃഷിഭവൻ പരിധിയിലെ ചിറ്റാട്ടുവയൽ പാടശേഖരത്തിൽ 97.38 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രോജക്ട് സാങ്കേതികാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

തിരുവണ്ടാർ കൃഷിഭവൻ പരിധിയിലെ ഉമയാറ്റുകര പാടശേഖരത്തിൽ 60.40 ലക്ഷം രൂപയുടെ ലിഫ്റ്റ് ഇറിഗേഷൻ യൂണിറ്റ് വികസനം പദ്ധതിയുടെ പ്രവൃത്തി ആരംഭിച്ചു.

മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടുകൂടിയുള്ള ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 2 പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. 31.10.2013- ലെ ജി.ഒ (അർ.റ്റി) നം. 1895/13/എ.ഡി ഉത്തരവ് പ്രകാരം ആർ.ഐ.ഡി.എഫ് 19-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ചെന്നിത്തല, തൃപ്പെരുന്തുറ പഞ്ചായത്തിൽ ഉൾപ്പെട്ട ബ്ലോക്ക് 10 പാടശേഖര വെള്ളക്കെട്ട് നിവാരണ പദ്ധതിയ്ക്ക് 57.02 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിയിൽ 4 സ്ലൂയിസുകൾ, 4 റാമ്പുകൾ, 236.68 ച.മീ

പാർശ്വഭിത്തി എന്നീ പ്രവർത്തനങ്ങൾ 46.70 ലക്ഷം രൂപ ചെലവഴിച്ച് നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

26.04.2014- ലെ ജി.ഒ. (ആർ.റ്റി) നം. 795/14/എ.ഡി ഉത്തരവ് പ്രകാരം ആർ.ഐ.ഡി.എഫ് 19-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ചെന്നിത്തല തൃപ്പെരുന്തുറ പഞ്ചായത്തിൽ ഉൾപ്പെട്ട വെട്ടത്തേരി, ചെണ്ടക്കേരി വെള്ളക്കെട്ട് നിവാരണ പദ്ധതിയ്ക്ക് 95.54 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിയിൽ നാളിതുവരെ 32.16 ലക്ഷം രൂപ ചെലവഴിച്ച് 653.05 ച.മീ പാർശ്വഭിത്തി നിർമ്മാണം പൂർത്തീകരിച്ചു. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**